**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **29-08-2022 - ൽ മറുപടിയ്ക്ക്**

**അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടിക വിഭാഗക്കാരുടെ അതിജീവനത്തിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടിക വിഭാഗക്കാർക്ക് നീതിയും അതിജീവനവും ഉറപ്പാക്കാൻ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; ഇത്തരക്കാരുടെ അതിജീവനത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അതിക്രമത്തിന് ഇരയാകുന്ന പട്ടിക വിഭാഗക്കാർക്ക് നീതിയും അതിജീവനവും ഉറപ്പാക്കാനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി (SLVMC) യോഗങ്ങളും ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി (DLVMC) യോഗങ്ങളും കൂടിവരുന്നു. കൂടാതെ സംസ്ഥാന പോലീസ് മേധാവി, പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടം 1995 പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അവലോകന യോഗങ്ങൾ യഥാസമയങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് കേസുകൾ കാര്യക്ഷമമായും സമയബന്ധിതമായും അന്വേഷണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു. പട്ടിക വിഭാഗക്കാർക്കെതിരെയുള്ള കേസുകൾ, പരാതികൾ എന്നിവ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും ഡി.വൈ.എസ്.പി മാരുടെ കീഴിൽ സബ് ഡിവിഷൻ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ ക്കാരുമായി ബന്ധപ്പെട്ട വിഷയങ്ങൾ എ.ഡി.ജി.പി (പി.സി.ആർ) എസ്.പി (സ്പെഷ്യൽ സെൽ) എന്നീ ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്തുവരുന്നു.<br><br>സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ അതിവേഗം ഫലപ്രാപ്തിയിലെത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന തലത്തിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഒരു കോൾസെന്ററും ഒരു ലീഗൽ |

| | | | |
|---|---|---|---|
| | | | അഡ്വൈസറുടെ സേവനവും 14 ജില്ലകളിലും ഓരോ ലീഗൽ കൗൺസിലർമാരുടെ സേവനം ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേനയും നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് 15.07.2022 തീയതിയിലെ സ.ഉ(സാധാ) നം.793/2022/ പജപവവിവ പ്രകാരം അനുമതി നൽകുകയും ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലും കോൾസെന്റർ ആരംഭിക്കുന്ന തിനുവേണ്ടി പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് പോലീസ്-നിയമ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് പുതുതായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് പോലീസ് നിയമ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ഹെൽപ്പ് ലൈൻ രൂപീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനതല ഹെൽപ്പ് ലൈൻ രൂപീകരിയ്ക്കുന്നതിന്റെ ഭാഗമായി ഒരു കോൾസെന്റർ, ഒരു ലീഗൽ അഡ്വൈസർ, 14 ലീഗൽ കൗൺസിലർമാർ എന്നീ സംവിധാനങ്ങളാണ് സജ്ജീകരിയ്ക്കുന്നത്. അതിക്രമത്തി നിരയാകുന്ന പട്ടികവിഭാഗക്കാരുടെ നിയമപരമായ സംശയ നിവാരണങ്ങൾക്കായും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനായും അത്തരക്കാർക്ക് വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾക്കായി ബന്ധപ്പെടുന്നതിനായി ഒരു ഹെൽപ്പ് ലൈൻ നമ്പറോടു കൂടിയതും 2 കോൾസെന്റർ അസിസ്റ്റന്റുമാരുൾപ്പെടുന്നതുമായ സംവിധാനമാണ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ നടപ്പിലാക്കുന്നത്.<br><br>അതിക്രമത്തിൽ ഇരയാകുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമായ നിയമ സഹായങ്ങൾ ലഭ്യമാക്കുക, പോലീസുമായി ബന്ധപ്പെട്ട് യഥാസമയം FIR, ചാർജ്ജ് ഷീറ്റും തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുക, പട്ടികജാതിക്കാർക്കിടയിൽ മതിയായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 14 ജില്ലകളിലും ഓരോ ലീഗൽ കൗൺസിലർമാരെ നിയമിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കോൾസെന്ററിനേയും 14 ജില്ലകളിലെ ലീഗൽ കൗൺസിലർമാരേയും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ അതിക്രമ നിരോധന നിയമ പ്രകാരമുള്ള കേസുകൾ വിലയിരുത്തുന്നതിനും പോലീസ് ആസ്ഥാനം, |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ സെൽ എന്നിവയുമായി ചേർന്ന് പ്രവർത്തിയ്ക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ലീഗൽ അഡ്വൈസറെയും നിയമിക്കുന്നുണ്ട്. അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന പട്ടികവിഭാഗക്കാർ വാദികളായ കേസുകളിൽ കേസ് രജിസ്റ്റർ ചെയ്താലുടൻ വിക്റ്റിം ലെയ്സൻ ഓഫീസർമാരെ നിയമിച്ചും നിയമപരമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി District Legal Services Authority-യെ അറിയിച്ചും അവർക്കാവശ്യമായ സംരക്ഷണവും മറ്റു സഹായങ്ങളും നൽകി വരുന്നു. |
| (സി) | ഇത്തരത്തിൽ അതിക്രമങ്ങൾക്ക് വിധേയരാകുന്ന പട്ടിക വിഭാഗങ്ങൾക്കായി ഈ സർക്കാർ നടപ്പിലാക്കി വരുന്നതും പുതുതായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതുമായ സാമ്പത്തിക പുനരധിവാസ പദ്ധതികൾ വിശദമാക്കുമോ? | (സി) | അതിക്രമത്തിന് വിധേയരാകുന്ന പട്ടികജാതിക്കാർക്ക് അതിക്രമ നിരോധന നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് FIR, Charge Sheet, Convicted എന്നീ മൂന്നു ഘട്ടങ്ങളിലും അനുവദനീയമായ തുക ആശ്വാസ ധനസഹായമായി വകുപ്പ് മുഖേന അനുവദിയ്ക്കുന്നു. അതിക്രമത്തിനിരയായി കൊല ചെയ്യപ്പെടുകയോ, ബലാൽസംഗത്തിനിരയാകുകയോ, ജോലി ചെയ്യാനുള്ള കഴിവ് സ്ഥിരമായി നഷ്ടപ്പെടുകയോ ചെയ്യുന്ന വ്യക്തികളുടെ കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ടു കൊണ്ട് ആശ്രിതന് പ്രതിമാസം 5000/-രൂപ പെൻഷൻ/സർക്കാർ ജോലി/കൃഷി ഭൂമി, വീട് എന്നിവ ആവശ്യകതയ്ക്ക് അനുസരിച്ച് അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ